DWCD/3831/2022-ICDSB7

I/87413/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3831/2022-ICDSB7

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 20-03-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- റീ ഷിഫ്റ്റ് ചെയ്യുന്ന ക്രഷുകളിൽ ഇൻറ്റേണൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് - സർക്കാർ ഉത്തരവ് - സംബന്ധിച്ച്:-

സൂചന:- സ. ഉ (സാധാ) നം. 101/2023-WCD, തീയതി : 20/02/2023.

ICDS പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്, ജില്ലാതല കമ്മിറ്റികൾ തന്നെ ക്രഷ് സ്കീമിന്റെ ബ്ലോക്ക്, ജില്ലാതല കമ്മിറ്റികളായി നിയോഗിച്ചു കൊണ്ടു നിലവിലുള്ള ഉത്തരവ് റീ ഷിഫ്റ്റ് ചെയ്യുന്ന ക്രഷുകൾക്കും കൂടി ബാധകമാക്കിയും; റീ ഷിഫ്റ്റ് ചെയ്ത ക്രഷുകളിൽ ഇൻറ്റേണൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് കൊണ്ടും സൂചന ; പ്രകാരം സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻറ്റേണൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

പകർപ്പ് : 1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

2) ജനറൽ സെക്രട്ടറി, KSCCW

3) ബന്ധപ്പെട്ട CDPO മാർക്ക്

ICDS B7

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ്- ക്രഷുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും സമയബന്ധിതമായി തീരുമാനങ്ങൾ കൈക്കൊണ്ട് , തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ഇന്റേണൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

G.O.(Rt)No.101/2023/WCDD തീയതി,തിരുവനന്തപുരം, 20-02-2023

പരാമർശം:-
1. 09.08.2017 ലെ സ.ഉ(കൈ)35/2017- സാനീവ നമ്പർ ഉത്തരവ്
2. 04.11.2017 ലെ സ.ഉ(സാധാ)738/2017- സാനീവ നമ്പർ ഉത്തരവ്
3. 24.03.2022 ലെ സ.ഉ (സാധാ) 137/2022-വശിവിവ നമ്പർ ഉത്തരവ്
4. 28.06.2022 ലെ സ.ഉ(സാധാ) 309/2022- വശിവിവ നമ്പർ ഉത്തരവ്
5. 18.11.2022 ലെ വനിത ശിശു വികസന ഡയറക്ടറുടെ ഡിഡബ്ല്യുസിഡി/3831/2022-ഐസിഡിഎസ് ബി7 നമ്പർ കത്ത്

<u>ഉത്തരവ്</u>

25/02/23

സംസ്ഥാനത്തെ ക്രഷ് യൂണിറ്റുകളുടെ നിയന്ത്രണം പരാമർശം 1 പ്രകാരം സർക്കാർ ഏറ്റെടുക്കുകയുണ്ടായി. പരാമർശം 3 പ്രകാരം നിർത്തലാക്കിയ ക്രഷുകൾ പുനസ്ഥാപിക്കുന്നതിനായുള്ള എൻജിഒ/ ഏജൻസി എന്നിവ തിരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥകൾ നിശ്ചയിച്ച് കൊണ്ട് ഉത്തരവായിരുന്നു. പരാമർശം 4 ലെ ഉത്തരവ് പ്രകാരം നിർത്തലാക്കിയ 25 ക്രഷുകൾക്ക് 2 ലക്ഷം രൂപ/ യൂണിറ്റ് എന്ന നിരക്കിൽ 50 ലക്ഷം രൂപ അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിലിടങ്ങളിലെ ശിശു പരിപാലന കേന്ദ്രം എന്ന നിലയിൽ സംസ്ഥാനത്ത് ആകെ 11 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

2) നാഷണൽ ക്രഷ് സ്കീമിന്റെ മാർഗനിർദ്ദേശങ്ങളിൽ പ്രാദേശിക, ജില്ലാതലങ്ങളിലുള്ള മോണിട്ടറിംഗ് കമ്മിറ്റികളെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. നിലവിലുള്ള ഐസിഡിഎസ് ന്റെ ബ്ലോക്ക് ജില്ലാതല കമ്മിറ്റികൾ ക്രഷ് സ്കീമിന്റെ ബ്ലോക്ക് ജില്ലാതല കമ്മിറ്റികളായി

നിയോഗിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ട് പരാമർശം 2 പ്രകാരം അനുമതി നല്കിയിരുന്നു. ടി സമിതികൾ റീഷിഫ്റ്റ് ചെയ്ത ക്രഷുകൾക്കും ബാധകമാക്കുന്നത് സംബന്ധിച്ചും പ്രസ്തുത ക്രഷുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സന്ദർഭോചിതമായും സമയബന്ധിതമായും ആവശ്യമായ തീരുമാനങ്ങൾ എടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ഒരു ഇന്റേണൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ചും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം 5 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3) സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഇന്റേണൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടും, നിലവിലുള്ള ഐസിഡിഎസ് ന്റെ ബ്ലോക്ക് ജില്ലാതല കമ്മിറ്റികൾ ക്രഷ് സ്കീമിന്റെ ബ്ലോക്ക് ജില്ലാതല കമ്മിറ്റികളായി നിയോഗിച്ച് കൊണ്ടുള്ള പരാമർശം 2 ലെ ഉത്തരവ് റീഷിഫ്റ്റ് ചെയ്ത ക്രഷുകൾക്ക് ബാധകമാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

<u>ഇന്റേണൽ മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ</u>

1) ക്രഷ് ആരംഭിക്കുന്ന സ്ഥലത്തെ സ്ഥാപനം/ പ്രസ്തുത വകുപ്പിന്റെ പ്രതിനിധി ക്രഷ് ഏത് സ്ഥാപനത്തിലേക്ക് ആണോ റീ ഷിഫ്റ്റ് ചെയ്യുന്നത് ആ സ്ഥാപനം അല്ലെങ്കിൽ ആ വകുപ്പിന്റെ പ്രതിനിധി )

2) ശിശു ക്ഷേമ സമിതി/ എൻജിഒ -യുടെ പ്രതിനിധി

3) ക്രഷിലെ വർക്കർ

4) ക്രഷിലെ കുട്ടികളുടെ രക്ഷാകർത്താക്കളുടെ പ്രതിനിധികൾ

5) ആ പ്രദേശത്തെ വാർഡ് മെമ്പർ

6) വനിത ശിശു വികസന വകുപ്പിലെ ബന്ധപ്പെട്ട ഐസിഡിഎസ് സൂപ്പർവൈസർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SANTHOSH KUMAR T K
ADDITIONAL SECRETARY

പകർപ്പ്

1) ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്

2) പ്രിൻസിപ്പൽ അക്കൊണ്ടന്റ് ജനറൽ (ജി&എസ് എസ് എ/എ&ഇ),കേരളം

3) വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പിഎസ്

3/WCDD

4) വെബ് & ന്യൂ മീഡിയ

5) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Lekshmi D

Date: 24-02-2023 19:16:24